DESPATCHED
On..10/03/2020
14/1/20

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 837*(7)/2014*/***എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *4677/എസ്.ഐ.സി-ജി 6/14*
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**അഡ്വ.സ്മിത സുരേഷ്**
**ശ്രീറാം ബിൽഡിംഗ്**
**കോർട്ട് റോഡ് ജംഗ്ഷൻ**
**പെട്രോൾ പമ്പിനു സമീപം**
**കോഴിക്കോട് 673001** } **പരാതി ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**പ്രൈവറ്റ് സെക്രട്ടറി ടു വൈസ് ചാൻസലർ,**
**കാലിക്കറ്റ് സർവ്വകലാശാല**
**മലപ്പുറം**

2. **അപ്പീൽ അധികാരി ആന്റ്**
**കാലിക്കറ്റ് സർവ്വകലാശാല**
**കാലിക്കറ്റ് യൂണിവേഴ്സിറ്റി.പി.ഒ** } **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ നൽകിയ മറുപടിയിൽ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.



res

3. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരുകക്ഷികൾക്കും നോട്ടീസ് നൽകുകയും എസ്.പി.ഐ.ഒ ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. ആയതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട 12.08.2011 മുതൽ 11.08.2015 വരെ കാലഘട്ടത്തിൽ കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലറായിരുന്ന ഡോ.അബ്ദുൽ സലാമിന്റെ ഗവേഷണ പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങളായിരുന്നുവെന്നും, ഹർജിക്കാരൻ ആവശ്യപ്പെട്ട വിശദാംശങ്ങൾ സംബന്ധിച്ച് സ്വീകരിച്ച നടപടികളുമായി ബന്ധപ്പെട്ട മറുപടികൾ നൽകിയിട്ടുണ്ടെന്നും, അദ്ദേഹത്തെ നിയമിച്ചത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നല്ലെന്നും, നിയമനത്തിന്റെ അധികാരി കേരള ഗവർണ്ണറാണെന്നും, ആയതിനാൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ജോലിക്കു ചേരാൻ അദ്ദേഹത്തിന്റെ പ്രസിദ്ധീകരണങ്ങൾ ആവശ്യപ്പെടുകയോ പരിശോധിക്കുകയോ സൂക്ഷിച്ചുവയ്ക്കുകയോ ചെയ്യാനുള്ള അധികാരമോ ഉത്തരവാദിത്വമോ യൂണിവേഴ്സിറ്റിക്കില്ലെന്നും ആയതുകൊണ്ട് അത്തരം രേഖകൾ സർവ്വകലാശാലകളിൽ ലഭ്യമല്ലെന്നുമാണ്.

4. അപ്പീൽ ഹർജിയും, എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരി വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് എസ്.പി.ഐ.ഒ ലഭ്യമായവ എല്ലാം തന്നെ സമയബന്ധിതമായി നൽകിയതായി ബോധ്യപ്പെട്ടതിനാൽ, ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM



res